## ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് വകുപ്പ് ഡയറക്ടറുടെ നടപടിക്രമം തിരുവനന്തപുരം -14

ഇ മെയിൽ: director.ims@kerala.gov.in
വെബ്സൈറ്റ് :www.ims.kerala.gov.in

ഫോൺ നം.04712323960

വിഷയം: ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് വകുപ്പ് -കൊട്ടിയം ഇ എസ് ഐ ഡിസ്പെൻസറിയിലെ ഹെഡ് ക്ലാർക്ക് ശ്രീ.അനിൽ കുമാർ. R ന് എതിരെയുള്ള അച്ചടക്ക നടപടി- രണ്ട് വാർഷിക വേതന വർദ്ധനവുകൾ സഞ്ചിത പ്രാബല്യത്തിൽ തടഞ്ഞു ശിക്ഷ നൽകി അച്ചടക്ക നടപടികൾ അവസാനിപ്പിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

സൂചന: (1) ലെറ്റർ നമ്പർ G1/ 7167/ 2021/RDD / ESID / IMS SZ / തീയതി: 21/ 04/ 2022.

(2) 09/ 06/ 2022 തീയതിയിലെ ഇതേ നമ്പർ കുറ്റപത്രം .

(3) ശ്രീ അനിൽ കുമാർ.R ന്റെ പ്രതിവാദ പത്രിക,തീയതി 27/ 06/ 2022 .

(4) 03/08/2022, 23/08/2022 തീയതികളിലെ ഇതേ നമ്പർ ഉത്തരവുകൾ

(5) 31/01/2023 തീയതിയിലെ ഇതേ നമ്പർ കാരണം കാണിക്കൽ നോട്ടീസ്

(6) ശ്രീ അനിൽ കുമാർ സമർപ്പിച്ച മറുപടി ,തീയതി 23/02/2023.

### ഉത്തരവ് നം.ഡി3-1847/2022/ഡി.ഐ.എം.എസ്/തീയതി:26/05/2023

പട്ടാഴി ഇ എസ് ഐ ഡിസ്പെൻസറിയിലെ ആക്സിലറി നേഴ്സ് മിഡ്‌വൈഫ് ശ്രീമതി ഉഷാകുമാരി.എസ് മൈലം ഇ എസ് ഐ ഡിസ്പെൻസറിയിൽ ജോലി ചെയ്തു വരവേ നടത്തിയ അച്ചടക്ക ലംഘനത്തിന് ടി ജീവനക്കാരിക്കെതിരെ അച്ചടക്ക നടപടി ആരംഭിച്ചിരുന്നു .ടി അച്ചടക്ക നടപടിയിന്മേൽ അന്വേഷണ വിചാരണ നടന്നു വരവേ മുഖ്യ സാക്ഷിയും പുനലൂർ ഇ എസ് ഐ ഡിസ്പെൻസറിയിലെ ഓഫീസ് അറ്റെൻ്റന്റുമായ ശ്രീ സുരേഷ് കുമാറിനെ ഭീഷണിപ്പെടുത്തിയെന്ന പരാതിയെത്തുടർന്ന് കൊട്ടിയം ഇ എസ് ഐ ഡിസ്പെൻസറിയിലെ ഹെഡ് ക്ലാർക്ക് ശ്രീ അനിൽ കുമാറിനെതിരേ അച്ചടക്ക നടപടികൾ ആരംഭിക്കുകയുണ്ടായി .താഴെപ്പറയുന്ന കുറ്റങ്ങൾ ചുമത്തിയാണ് ടി ജീവനക്കാരനെതിരേ കുറ്റ പത്രം പുറപ്പെടുവിക്കുകയുണ്ടായത്:-

1. കൊട്ടിയം ഇ എസ് ഐ ഡിസ്പെൻസറിയിൽ ജോലി ചെയ്തു വരവേ 16/04/2022 ന് വൈകിട്ട് 7 മണിയോടെ പുനലൂർ ഇ എസ് ഐ ഡിസ്പെൻസറിയിലെ ഓഫീസ് അറ്റന്റന്റ് ശ്രീ. സുരേഷ് കുമാറിനെ ഫോണിൽ വിളിച്ച് ഭീഷണിപ്പെടുത്തുകയുണ്ടായി . മൈലം ഇ എസ് ഐ ഡിസ്പെൻസറിയിലെ അച്ചടക്ക ലംഘനവുമായി ബന്ധപ്പെട്ട കുറ്റാരോപിതയായ ANM ശ്രീമതി ഉഷാകുമാരിക്ക് എതിരെ താൻ മൊഴി നല്കിയിട്ടില്ലായെന്നു വെള്ള പേപ്പറിൽ എഴുതി നൽകണമെന്നും അല്ലെങ്കിൽ അവർ കോടതിയിൽ പോകുമെന്നുമാണ് . ശ്രീ സുരേഷ് കുമാറിനെ ഭീഷണിപ്പെടുത്തുകയുണ്ടായത്. ദക്ഷിണ മേഖലാ RDD ഓഫീസിലെ ഹെഡ് ക്ലാർക്ക് ശ്രീ. രമേഷ് കുമാർ, മൈലം ഇ എസ് ഐ ഡിസ്പെൻസറിയിലെ ANM ശ്രീമതി ഉഷാകുമാരിക്കെതിരെയുള്ള പരാതിയിൽ പ്രാഥമിക അന്വേഷണത്തിന് വന്ന സമയം , വെള്ള പേപ്പറിൽ ഒപ്പിട്ടു വാങ്ങി മൊഴി കളവായി എഴുതിയെന്നു പറയാനും ശ്രീ സുരേഷ് കുമാറിനെ നിർബന്ധിക്കുകയുണ്ടായി . സർക്കാർ നിർദേശപ്രകാരം ആരംഭിച്ച അച്ചടക്ക നടപടിയിലെ വാദി ഭാഗം സാക്ഷിയെ ഭീഷണിപ്പെടുത്തുകയും മൊഴി മാറ്റത്തിന് പ്രേരിപ്പിക്കുകയും ചെയ്യുക വഴി സർക്കാരിനെതിരെ പ്രവർത്തിച്ചിരിക്കുന്നതിനാൽ ഗുരുതര അച്ചടക്ക ലംഘനം നടത്തിയിരിക്കുന്നു.

2. വകുപ്പ് തല അന്വേഷണത്തെ അട്ടിമറിക്കുക എന്ന ഉദ്ദേശത്തോടെ കുറ്റാരോപിതയായ ശ്രീമതി ഉഷാകുമാരിയുമായി ചേർന്ന് ഗൂഢാലോചന നടത്തുകയും സാക്ഷികളെ സ്വാധീനിക്കാൻ ശ്രമിക്കുകയും ചെയ്യുക വഴി സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ട ലംഘനം നടത്തിയിരിക്കുന്നു.

കുറ്റ പത്രത്തിന് എന്ന് ശ്രീ അനിൽകുമാർ . ആർ യഥാസമയം പ്രതിവാദ പത്രിക സമർപ്പിച്ചിരുന്നു.പ്രതിവാദ പത്രികയിലൂടെ ടി ജീവനക്കാരൻ കുറ്റങ്ങളെല്ലാം പൂർണ്ണമായി നിഷേധിക്കുകയുണ്ടായതിനാൽ KCS(CC&A)Rules 1960 ലെ Rule 15 പ്രകാരം ഔപചാരിക അന്വേഷണം നടത്തുകയുണ്ടായി. വകുപ്പ് കാര്യാലയത്തിലെ ജോയിന്റ് ഡയറക്ടർ ഡോ :സി.എച്ച്.എസ്സ് .മണി അവർകൾ നടത്തിയ ഔപചാരിക അന്വേഷണ സമയത്ത് നൽകിയ മൊഴിയിൽ, പ്രതിവാദ പത്രികയിലേതിനു കടക വിരുദ്ധമായമായി വസ്തുതകളാണ് ശ്രീ അനിൽകുമാർ അറിയിക്കുകയുണ്ടായത്.

സുരേഷിനെ താൻ വിളിച്ചിട്ടില്ല ,എന്നാൽ സുരേഷിൻെ ഭാര്യയുടെ ഫോണിൽ വിളിച്ചാണ് സുരേഷുമായി സംസാരിക്കുകയുണ്ടായത്.സുരേഷിന്റെ വീട് തന്റെ വീടിന്റെ അടുത്തായതിനാൽ പലപ്പോഴും നേരിൽ കണ്ട് സംസാരിക്കാറുണ്ട്.മറ്റൊരാളിൽ നിന്നാണ് മൈലം ഡിസ്പെൻസറിയിലെ ANM ഉഷാകുമാരിക്കെതിരെയുള്ള അച്ചടക്ക നടപടികളെപ്പറ്റി അറിയുകയുണ്ടായത് .ഒരു normal talk നിടെ അറിഞ്ഞ വിവരം സുരേഷിനോട് ചോദിക്കുകയല്ലാതെ സുരേഷിനെ ഭീഷണിപ്പെടുത്തിയിട്ടില്ല .20 വർഷമായി സുരേഷിനെ നേരിട്ടറിയാം .ഇന്നേവരെ സുരേഷുമായി ഒരു വഴക്കോ വിരോധമോ ഉണ്ടായിട്ടില്ല.ഒരു പത്തു ദിവസം മുൻപ് സുരേഷ് തന്നെ ഫോണിൽ വിളിച്ചിരുന്നു.വീട്ടിൽ തിരക്കി വന്നിട്ട് കാണാഞ്ഞത് കൊണ്ടാണ് വിളിച്ചതെന്നാണ് സുരേഷ് പറയുകയുണ്ടായത്.അപ്പോൾ സുരേഷ് പറഞ്ഞത് താൻ സുരേഷിനെ ഭീഷണിപ്പെടുത്തിയിട്ടില്ലെന്നും ,റിട്ടയറാവാൻ ഒരു മാസം മാത്രമുള്ളതിനാൽ മണി സാറിന് മുൻപിൽ ഒത്തു തീർപ്പാക്കാം എന്നുമാണ് , മുതലായ വിവരങ്ങളാണ് ടി ജീവനക്കാരൻ ഔപചാരിക അന്വേഷണ സമയം അറിയിക്കുകയുണ്ടായത്.

അതായത് മൈലം ഡിസ്പെൻസറിയിലെ കാര്യങ്ങളിൽ താല്പര്യമില്ലെന്നും ,ഉഷാകുമാരിയുമായി വെറും ഒരു കൊല്ലം കൂടെ ജോലി ചെയ്ത പരിചയം മാത്രമേയുള്ളൂവെന്നും ,താൻ സ്ഥലത്തില്ലായിരുന്നുവെന്നും,കുറ്റാരോപണ പത്രിക ലഭിച്ചപ്പോൾ മാത്രമാണ് ഈ സംഭവത്തെക്കുറിച്ച് അറിയുന്നത്,അതിനു ശേഷമാണ് സംഭവത്തെപ്പറ്റി അന്വേഷിച്ച് അറിയുകയുണ്ടായത് ,മൈലം ഡിസ്പെൻസറിയിലെ അച്ചടക്ക നടപടിയിൽ ഉൾപ്പെട്ട ആർക്ക് എന്ത് ശിക്ഷ ലഭിച്ചാലും അത് തന്നെ ബാധിക്കാത്തതിനാൽ ഇടപെടേണ്ട കാര്യമില്ല എന്നും മറ്റും പറഞ്ഞ ശ്രീ അനിൽ കുമാർ തന്നെയാണ് സുരേഷിൻെ ഭാര്യയുടെ ഫോണിൽ വിളിച്ചാണ് സുരേഷുമായി സംസാരിക്കുകയുണ്ടായത്,20 വർഷമായി സുരേഷിനെ നേരിട്ടറിയാം. സുരേഷിൻെ വീട് തന്റെ വീടിന്റെ അടുത്തായതിനാൽ പലപ്പോഴും നേരിൽ കണ്ട് സംസാരിക്കാറുണ്ട്,മറ്റൊരാളിൽ നിന്നാണ് മൈലം

ഡിസ്പെൻസറിയിലെ ആക്സിലറി നേഴ്സ് മിഡ് വൈഫ് ശ്രീമതി ഉഷാകുമാരിക്കെതിരെയുള്ള അച്ചടക്ക നടപടികളെപ്പറ്റി അറിയുകയുണ്ടായത്,ഒരു normal talk നിടെ അറിഞ്ഞ വിവരം സുരേഷിനോട് ചോദിക്കുകയല്ലാതെ സുരേഷിനെ ഭീഷണിപ്പെടുത്തിയിട്ടില്ല എന്നും മൊഴി നൽകിയിരിക്കുന്നത്.ആയതിനാൽ ശ്രീ അനിൽ കുമാറിന്റെ മൊഴിയിൽ നിന്ന് തന്നെ, മറ്റൊരാളിൽ നിന്നും .മൈലം ഡിസ്പെൻസറിയിലെ അച്ചടക്ക ലംഘനത്തെക്കുറിച്ച് ശ്രീ അനിൽകുമാർ . അറിഞ്ഞിരുന്നുവെന്നും, തനിക്ക് കുറ്റപത്രം കിട്ടിയതിനു ശേഷമാണ് മൈലം അച്ചടക്ക നടപടികളെപ്പറ്റി അറിഞ്ഞതെന്ന് പറഞ്ഞത് കള്ളമാണെന്നും , സുരേഷ് കുമാറിന്റെ ഭാര്യയുടെ ഫോണിൽ വിളിച്ച് ഇത് സംബന്ധിച്ച് സുരേഷുമായി സംസാരിച്ചിരുന്നുവെന്നത് സത്യമാണെന്നും ഔപചാരിക അന്വേഷണത്തിൽ തെളിയുകയുണ്ടായി.

മൈലം ഡിസ്പെൻസറിയിലെ ആക്സിലറി നേഴ്സ് മിഡ് വൈഫ് ശ്രീമതി ഉഷാകുമാരിക്കെതിരെ സർക്കാർ നിർദേശപ്രകാരം വകുപ്പ് മേധാവി ആരംഭിച്ച അച്ചടക്ക നടപടിയിലെ പ്രോസിക്യൂഷൻ സാക്ഷിയായ ശ്രീ സുരേഷ് കുമാറിനെ 16/ 04/ 2022 ന് വൈകിട്ട് 07 മണിയോടെ ശ്രീ അനിൽ കുമാർ ഭീഷണിപ്പെടുത്തിയെന്നും,ദക്ഷിണ മേഖലാ RDD ഓഫീസിലെ ഹെഡ് ക്ലർക്ക് ശ്രീ രമേശ് കുമാർ തന്റെ മൊഴി തിരുത്തിയെന്നു മൊഴി നൽകാൻ പ്രേരിപ്പിച്ചെന്നുമുള്ള ശ്രീ അനില്കുമാറിനെതിരേ ചുമത്തിയിരുന്ന കുറ്റവും , ഔപചാരിക അന്വേഷണത്തിൽ തെളിയുകയുണ്ടായി. ശ്രീ അനിൽ കുമാറുമായി ഒരു തരത്തിലും ബന്ധമില്ലാത്ത മൈലം ഡിസ്പെൻസറിയിലെ അച്ചടക്ക ലംഘനത്തിലെ സാക്ഷിയെ ഭീഷണിപ്പെടുത്തുക ,സ്വാധീനിക്കാൻ ശ്രമിക്കുക മുതലായ പെരുമാറ്റ ചട്ട ലംഘനവും,ഗുരുതര അച്ചടക്ക ലംഘനവും ,ശ്രീ അനിൽകുമാർ നടത്തിയത് മറ്റെന്തോ ഗൂഢാലോചനയുടെ ഭാഗമാണെന്നു ന്യായമായും സംശയിക്കേണ്ടിയിരിക്കുന്നു മുതലായ വസ്തുതകൾ അന്വേഷണത്തിലൂടെ തെളിഞ്ഞതായും , വകുപ്പ് തല അച്ചടക്ക നടപടിയെ അട്ടിമറിക്കാൻ ശ്രമം നടത്തി എന്നുള്ളത് ,സർക്കാരിനെതിരെയുള്ളതായാലും, വകുപ്പിനെതിരെയുള്ളതായാലും ,വകുപ്പിലെ ജീവനക്കാരനക്കാർക്ക് എതിരേയുള്ളതായാലും ഗൗരവതരമായി പരിശോധിക്കേണ്ടതും അത്തരം കുറ്റങ്ങൾ ചെയ്ത ജീവനക്കാർക്ക് കർശന ശിക്ഷ നൽകേണ്ടതുമാണ് എന്നും .അല്ലെങ്കിൽ ഇത്തരം നീക്കങ്ങൾ ജീവനക്കാരുടെ ഭാഗത്തു നിന്നുണ്ടാകുന്നത് തടയുന്നതിന് കഴിയാതെ വരുമെന്നും അന്വേഷണ റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

അഞ്ചൽ ESI ഡിസ്പെൻസറിയിൽ ജോലി ചെയ്തു വരവേ ടി ശ്രീ അനിൽ കുമാർ സാമ്പത്തിക തിരിമറി നടത്തിയെന്ന ഗുരുതര കുറ്റത്തിന് വകുപ്പുതല അച്ചടക്ക നടപടികൾക്ക് വിധേയമാവുകയും ടി ജീവനക്കാരന്റെ രണ്ടു വാർഷിക് വേതന വർദ്ധനവുകൾ സഞ്ചിത പ്രാബല്യത്തിൽ തടഞ്ഞുകൊണ്ട് ശിക്ഷ നൽകുകയും ചെയ്തിട്ടുണ്ട്.അഞ്ചൽ ഇ എസ് ഐ ഡിസ്പെൻസറിയിൽ നടത്തിയ ടി വകുപ്പ് തല അന്വേഷണത്തിൽ ശ്രീ അനിൽ കുമാർ DDO ഉൾപ്പെടെയുള്ള മെഡിക്കൽ ഓഫീസർമാരുടെ വ്യാജ ഒപ്പുകൾ രേഖപ്പെടുത്തിയിട്ടുള്ളതും , അഞ്ചൽ ഇ എസ് ഐ ഡിസ്പെൻസറിയി ലെ സീനിയർ ക്ലർക്ക് ആയിരുന്ന ശ്രീ രാജു എന്ന ജീവനക്കാരനെതിരേ സ്വന്തം കൈപ്പടയിൽ വ്യാജ പരാതികൾ നൽകിയതായ വസ്തുതയും വകുപ്പ് തലത്തിൽ പരിശോധിക്കപ്പെട്ടിട്ടുണ്ട്. മേൽപ്പറഞ്ഞ വസ്തുതകളിൽ നിന്നും ശ്രീ അനിൽകുമാർ അവസരം കിട്ടുമ്പോഴൊക്കെ വകുപ്പിനെതിരെയും ജീവനക്കാർക്കെതിരെയും ഗൂഢാലോചനയും ,വകുപ്പിന്റെ സൽപ്പേരിന് കളങ്കമുണ്ടാക്കുന്ന പ്രവർത്തികളും നടത്തിയിട്ടുള്ളതായി മനസിലാക്കാവുന്നതുമാണ് . നിലവിൽ കൊട്ടിയം ESI ഡിസ്പെൻസറിയിലെ ഹെഡ് ക്ലർക്ക് ശ്രീ അനിൽകുമാർ നടത്തിയതായി തെളിഞ്ഞിരിക്കുന്ന കുറ്റങ്ങൾക്ക് കഠിന ശിക്ഷ നൽകുന്നതിനൊപ്പം താനുമായി ഒരു തരത്തിലും നേരിട്ട് ബന്ധമില്ലാത്ത വിഷയത്തിൽ വകുപ്പിനും സർക്കാരിനും,ജീവനക്കാർക്കുമെതിരേ ഗൂഢാലോചന നടത്തിയത് സംബന്ധിച്ച് കൂടുതൽ

അന്വേഷണം സർക്കാർ തലത്തിലോ ,മറ്റ ഏജൻസികൾ മുഖാന്തരമോ നടത്തുന്നതും ഉചിതമായിരിക്കും എന്ന് അന്വേഷണ ഉദ്യോഗസ്ഥൻ ശുപാർശ ചെയ്തിരുന്നു. ആയതിനാൽ ടി ശ്രീ അനിൽ കുമാറിന്റെ രണ്ട് വാർഷിക വേതന വർദ്ധനവുകൾ സഞ്ചിത പ്രാബല്യത്തിൽ തടഞ്ഞു ശിക്ഷ നൽകുന്നതിന് താൽക്കാലികമായി തീരുമാനിക്കുകയും മേൽസൂചന (5) പ്രകാരം ടി ജീവനക്കാരന് കാരണം കാണിക്കൽ നോട്ടീസ് നൽകുകയും ചെയ്തിരുന്നു.നോട്ടീസിന് ശ്രീ അനിൽകുമാർ മേൽസൂചന (6) പ്രകാരം നൽകിയ മറുപടിയിൽ, തീരുമാനിച്ചിരുന്ന ശിക്ഷ ലഘൂകരിക്കുന്നതിനൊ ഒഴിവാക്കുന്നതിനോ മതിയായ പുതിയ തെളിവുകളൊന്നും ഹാജരാക്കുന്നതിന് ടി ജീവനക്കാരന് കഴിഞ്ഞില്ല.

ടി സാഹചര്യത്തിൽ , കൊട്ടിയം ഇ എസ് ഐ ഡിസ്പെൻസറിയിലെ ഹെഡ് ക്ലാർക്ക് ശ്രീ.അനിൽ കുമാറിന്റെ രണ്ട് വാർഷിക വേതന വർദ്ധനവുകൾ സഞ്ചിത പ്രാബല്യത്തിൽ തടഞ്ഞു ശിക്ഷ നൽകി ടിയാനെതിരെയുള്ള അച്ചടക്ക നടപടികൾ അവസാനിപ്പിച്ചുഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഡോ:എസ് .മാലിനി
ഡയറക്ടർ
ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ്

സ്വീകർത്താവ്

ശ്രീ അനിൽ കുമാർ .R
ഹെഡ് ക്ലർക്ക് .
ഇ.എസ്.ഐ. ഡിസ്പെൻസറി,കൊട്ടിയം.(കൊല്ലം ജില്ല)
(Through Head of Office)

പകർപ്പ്

1 റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, ദക്ഷിണ മേഖല, കൊല്ലം.
2. ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർ, ഇ.എസ്.ഐ. ഡിസ്പെൻസറി, കൊട്ടിയം.(കൊല്ലം ജില്ല)(ശ്രീ അനിൽകുമാറിന്റെ കൈപ്പറ്റു രസീത് തിരികേ ലഭ്യമാക്കേണ്ടതാണ്.)
3. ഇ 2 സെക്ഷൻ.
4. വെബ് സൈറ്റ് /ഇ-മെയിൽ.
5. ഫയൽ/സ്റ്റോക്ക് ഫയൽ.